POLICE DEPARTMENT—RE-ORGANISATION OF.

350. മിസ്റ്റർ കെ. എസ്സ് പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് സദയം മറുപടി പറയുമോ:—

(എ) പോലീസ് വകുപ്പു പരിഷ്കരിക്കുവാൻ ഗവൺമെണ്ടിനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഗതികളിലാണു് പരിഷ്കാരം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതു്;

(സി) ഈ വകുപ്പു പരിഷ്കരണം ഈ കൊല്ലത്തിൽതന്നെ ഉണ്ടാക്കുകയും ഫ ഫ ഫ ചിങ്ങം മുതൽ നടപ്പിൽ വരുത്തുകയും ചെയ്യണമെന്നു് ഗവൺമെണ്ടിനു് ഉദ്ദേശമുണ്ടോ;

(ഡി) ഇന്നിന്ന സംഗതികളിൽ ഇന്നിന്ന പരിഷ്കരണമാണു് ഗവൺമെണ്ടു് നടത്തുവാനുദ്ദേശിക്കുന്നതെന്നു് ഒന്നു വിശദീകരിക്കുവാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ എം. നാരായണമേനോൻ: (എ) പരിഷ്കരിച്ചുവരുന്നുണ്ടു്.

(ബി) സൈന്യത്തിനു താമസിക്കുന്നതിനു കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ലൈൻ കെട്ടികൊടുക്കുക; എല്ലാ ജാതിക്കാർക്കും പ്രവേശിപ്പാൻ സൌകര്യമില്ലാത്ത സ്റ്റേഷൻ കെട്ടിടങ്ങളെ സൌകര്യപ്പെട്ട സ്ഥലത്തേക്കു മാറുക; ഡിപ്പാർട്ടുമെണ്ടിൽ പുതുതായി ചേർക്കുന്നവർക്കു പ്രത്യേക പരിശീലനം നൽകുക; റിസർവ്വ് പൊല്ലീസ്സിനെ നവീനായുധാഭ്യാസങ്ങളിൽ പരിശീലിപ്പിച്ചു സ്റ്റേറ്റിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയുക്തമാകുംവണ്ണം സന്നദ്ധരാക്കുക എന്നീ പരിഷ്കാരങ്ങൾക്കു പുറമെ പൊല്ലീസ്സ് വകുപ്പിന്റെ നാനാശാഖകളിലും കാലാനുസൃതവും മദിരാശിസംസ്ഥാനത്തിൽ ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ മറ്റു പരിഷ്കാരങ്ങളും വരുത്തുവാൻ ഉദ്ദേശമുണ്ടു്;

(സി) ഈവക പരിഷ്കാരങ്ങൾ പെട്ടെന്നു നടപ്പിൽ വരുത്തുവാൻ സാധിക്കുന്നതല്ലാത്തതിനാൽ ക്രമേണ നടപ്പിൽ വരുത്തുന്നതാണു്;

(ഡി) (ബി) ചോദ്യത്തിന്റെ മറുപടി നോക്കുക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉത്തരം (ബി) യിൽ മദിരാശി സംസ്ഥാനത്തിൽ ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ മറ്റു പരിഷ്കാരങ്ങളും വരുത്തുവാനുദ്ദേശമുണ്ടു് എന്നു പറഞ്ഞിരിക്കുന്നു. മദിരാശി സംസ്ഥാനത്തിലെ ഒരു കോൺസ്റ്റബിളിനു് എത്ര മണിക്കൂർവീതം ഒരുദിവസം ജോലിയുണ്ടു്?

റാവുബഹദൂർ എം. നാരായണമേനോൻ: അയാളെക്കൊണ്ടു് സാധിക്കാവുന്നിടത്തോളമുള്ള പണികൾ എടുപ്പിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരാൾ ഇത്ര മണിക്കൂർവീതം വേലചെയ്യണമെന്നു നിയമമുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: അങ്ങിനെ നിയമമില്ല. നാലു ദിവസം തുടർച്ചയായി പണിയെടുത്താൽ അയാൾക്കു് ഒരു ദിവസം ഒഴിവു കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുപ്രകാരം ഇവിടെ ഒഴിവു കൊടുക്കുന്നുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മദിരാശിയിൽ ഒരു കോൺസ്റ്റബിളിനു കൊടുത്തുവരുന്ന ശമ്പളം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ എം. നാരായണമേനോൻ: ഫാക്ടറി തുടങ്ങുന്നതിനുള്ള അനുവാദം കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ സ്റ്റാർട്ടിംഗ് സമ്പളം ഫാക്ടറി തുടങ്ങുന്നതിനുള്ള അനുവാദം കൊടുക്കുന്നുണ്ട്. പായല്ലെ?

റാവുബഹദൂർ എം. നാരായണമേനോൻ: ഫാക്ടറി തുടങ്ങുന്നതിനുള്ള അനുവാദം കൊടുക്കുന്നുണ്ട്

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുപോലെ ഇവിടേയും ഏതെങ്കിലും പരിഷ്കാരം വരുത്തുവാൻ വിചാരിക്കുന്നുണ്ടൊ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി: ചേറ്റുപോലീസ് സ്റ്റേഷനിൽ എല്ലാജാതിക്കാക്കും പ്രവേശനമുണ്ടൊ?

റാവുബഹദൂർ എം. നാരായണമേനോൻ: അവിടെ ഒരു സങ്കേതമുള്ളതുകൊണ്ട് എല്ലാജാതിക്കാക്കും പോകുവാനുള്ള വിഷമമുണ്ടായിരുന്നു.

മിസ്റ്റർ വി. കെ. കുട്ടി: ആ സങ്കേതത്തിൽ പ്രവേശിക്കുവാൻ പാടില്ലാത്ത ഒരു കള്ളനെ പിടിച്ചു സ്റ്റേഷനിൽ കൊണ്ടുപോകണമെങ്കിൽ എങ്ങിനെ കൊണ്ടുപോകും?

റാവുബഹദൂർ എം. നാരായണമേനോൻ: ആ സ്റ്റേഷൻ ഇപ്പോൾ അവിടെനിന്നു മാറ്റിക്കഴിഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഉത്തരകത്ത് എല്ലാവക്കും പ്രവേശനമുണ്ടൊ?

റാവുബഹദൂർ എം. നാരായണമേനോൻ: അതിനടുത്തു താമസിക്കുന്നതിനുമാത്രമെ തടസ്ഥമുണ്ടായിരുന്നുള്ളു.

മിസ്റ്റർ കെ. അയ്യപ്പൻ: അന്നു് അവിടെ ക്രിമിനൽ കേസുകൾ അധികം ഉണ്ടാക്കിയിരുന്നതു് തീണ്ടൽജാതിക്കാർ അല്ലായിരിക്കുമൊ? (ചിരി).

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടേയും ഫാക്ടറി തുടങ്ങുന്നതിൽ വ്യത്യാസം വരുത്തുവാൻ വിചാരിക്കുന്നുണ്ടൊ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇവിടെ അതിന്റെ ആവശ്യമില്ലെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രിട്ടീഷിൽ കാൺസ്റ്റബിൾമാക്കുകൊടുത്തുവരുന്ന സമ്പളം ടയിം സ്കെയിലാണൊ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇംഗ്രിമെന്റായിട്ടാണു് കൊടുക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടേയും അതുപ്രകാരമാണൊ ചെയ്യുന്നതു്?

റാവുബഹദൂർ എം. നാരായണമേനോൻ: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടേയും അതുപോലെ വകയ്ക്കുവാൻ വിചാരിക്കുന്നുണ്ടൊ?

റാവുബഹദൂർ എം. നാരായണമേനോൻ: അതു സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടെ പോലീസുകാർക്ക് താമസിക്കുവാൻ സൌകര്യമില്ലാത്ത സ്ഥലങ്ങളിൽ വാടകയൊഴിവാക്കി ആ വാടക അവർക്ക് വീതിച്ചുകൊടുക്കുവാൻ വിരോധമുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: അങ്ങിനെവീതിച്ചാൽ അവർക്ക് വലിയസംഖ്യയൊന്നും കിട്ടുവാനിടയില്ല.

മിസ്റ്റർ വി. കെ. കുട്ടി: പോലീസുകാർ ലൈൻസിൽ താമസിക്കണമെന്ന നിശ്ചയിച്ചിട്ടുള്ളതിന്റെ ഉദ്ദേശം എന്താണ്?

റാവുബഹദൂർ എം. നാരായണമേനോൻ: അവർക്ക് സൌകര്യമായി താമസിക്കുവാൻവേണ്ടി.

മിസ്റ്റർ വി. കെ. കുട്ടി: ആവശ്യം നേരിടുമ്പോൾ എല്ലാപേരേയും ഒന്നിച്ചു വിളിച്ചുകൂട്ടുവാനുള്ള സൌകര്യത്തിനുംകൂടിയല്ലെ?

റാവുബഹദൂർ എം. നാരായണമേനോൻ: ആ ഉദ്ദേശവുമുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോലീസുകാർ താമസിക്കാതെ വെറുതെ കിടക്കുന്ന ലൈൻസ് ഇല്ലെ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടായിരിക്കാം, അടുത്തു് ഓഫീവീടൊ സ്വന്തംവീടൊ ഉണ്ടെങ്കിൽ അവിടെപോയി താമസിക്കുന്നവരുമുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവൺമെൻറിനു നഷ്ടമില്ലെങ്കിൽ അവർക്ക് ആറണയൊ എട്ടണയൊവീതം ഒരു ലാഭം വരുത്തുന്നതിനു നിവൃത്തിയില്ലേ?

റാവുബഹദൂർ എം. നാരായണമേനോൻ: ഗവൺമെൻറ് ഇപ്പോൾ കൊടുത്തുവരുന്നതും അവർക്കുവേണ്ടിത്തന്നെയാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: നവീനായുധാഭ്യാസങ്ങൾ അഭ്യസിപ്പിക്കുമെന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട്; അതെന്താണ്. മിഷ്യൻഗണ്ണുമറ്റും ഉപയോഗിക്കുവാനുള്ള പരിശീലനമാണൊ?

റാവുബഹദൂർ എം. നാരായണമേനോൻ: എന്തുതന്നെവന്നാലും കണ്ണുനോക്കുവാനുള്ള പരിശീലനമാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: നവീനായുധങ്ങൾ എന്തൊക്കെയാണ്?

റാവുബഹദൂർ എം. നാരായണമേനോൻ: ഇതിനൊക്കെ സമയോചിതംപോലെ മറുപടി പറയുവാനെ തരമുള്ളൂ. കയ്യോ, വടിയൊ, അതല്ല തോക്കൊ എന്തൊക്കെയാണെങ്കിലും അതിനെല്ലാം യോജിച്ചവിധത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ചെറിയ ശമ്പളക്കാരായ സാധുകാൺസ്റ്റബിൾമാരുടെ ശമ്പളത്തോതിൽ എന്തെങ്കിലും ഒരു പരിഷ്കാരം വരുത്തുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമൊ?

റാവുബഹദൂർ എം. നാരായണമേനോൻ: ശമ്പളത്തോതിൽ പരിഷ്കാരമൊന്നും വരുത്തുന്നില്ല.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ഡിപ്പാർട്ടുമെണ്ടിൽ പുതുതായി ചേർക്കുന്നവർക്കു പ്രത്യേകപരിശീലനം കൊടുക്കുന്നുണ്ടെന്നു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ പഴയ ആളുകൾക്കും വല്ല പ്രത്യേക പരിശീലനവും കൊടുക്കുന്നുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: പഴയ ആളുകൾക്ക് ഇതിനു മുമ്പ് കൊടുത്തിട്ടില്ലാത്ത പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്. നല്ലവണ്ണം പഠിക്കുവാൻ കഴിവുള്ളവരെ മലയാളം ഷോർട്ട്ഹാൻഡ് പഠിപ്പിക്കുക മുതലായ പരിശീലനങ്ങൾ നൽകുന്നുണ്ട്.

മിസ്റ്റർ വി. എൻ. ഭാസ്കരൻനമ്പ്യാർ: കായികമായ എന്തെങ്കിലും പരിശീലനങ്ങൾ നൽകുന്നുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: കായികാഭ്യാസം എന്നു പറയുന്നതിൽ പോലീസിനുവേണ്ടത് ഡ്രിൽആണ്, അതു് അവർക്കു കൊടുക്കുന്നുമുണ്ട്.

മിസ്റ്റർ വി. എൻ. ഭാസ്കരൻനമ്പ്യാർ: പഴയ ആളുകൾക്ക് പുതുതായി എന്തു പരിശീലനമാണു കൊടുത്തുവരുന്നതു്.

റാവുബഹദൂർ എം. നാരായണമേനോൻ: വിദ്യാഭ്യാസസംബന്ധമായി ക്ലാസുവെച്ചു് പഠിപ്പിക്കുക മുതലായതു ചെയ്യുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ശമ്പളത്തിൽ പരിഷ്കാരം വരുത്താത്തതു് പണമില്ലാത്ത കൊണ്ടാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇവിടെയും തിരുവിതാംകൂറിലും അതു ക്ഷാമമൊന്നും ബാധിച്ചിട്ടില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: കായികമല്ലാതെ മാനസികമായും സാന്മാർഗ്ഗികമായും എന്തെല്ലാം പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്?

റാവുബഹദൂർ എം. നാരായണമേനോൻ: പൊതുജനങ്ങളോടു ഇന്നവിധത്തിൽവേണം പെരുമാറുവാൻ എന്നൊക്കെയുള്ള നല്ല മര്യാദ പഠിപ്പിക്കുന്നുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അതിനു ക്ലാസുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ആരാണു് പഠിപ്പിക്കുന്നതു്?

മിസ്റ്റർ എ. വി. മുത്തേടൻ: ലണ്ടൻപോലീസിൽ മാതൃകാപോലീസു് ആയിട്ടു വച്ചിട്ടുള്ളതുപോലെ ഇവിടെയുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇവിടെ അവർ എത്രത്തോളം പരിശീലനങ്ങൾ സിദ്ധിക്കുവാൻ കഴിവുള്ളവരാണോ അതനുസരിച്ചു കൂടുതൽ പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്.

ROBBERY FROM NAMBUDIRI HOUSES—MUKUNDAPURAM AND COCHIN-KANAYANNUR TALUKS—1112—1113.

351. മിസ്റ്റർ സി. കുഞ്ഞൻ തമ്പുരിപ്പാട്: താഴെ പറയുന്ന സംഗതികൾക്കു ശ്രദ്ധയിൽനിന്നും ഭയപ്പെട്ടു മറുപടി പറയാമോ:—

(എ) 1112, 1113 ഈ കൊല്ലങ്ങളിൽ മുകുന്ദപുരം, കൊച്ചി—കണയന്നൂർ ഈ താലൂക്കുകളിൽ നിവസിക്കുന്ന നമ്പൂതിരിമാരുടെ ഗൃഹങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly